# മായാവിയും ഉറുമ്പുഭൂതവും





മാന്ത്രികത്തവി
ഒരു ദിവസം ഡാകിനിയമ്മൂമ്മ ചുറ്റിനടക്കുമ്പോൾ–
എന്തോന്നാ ഇവിടെ?
ഹായ്, പാൽപ്പായസം!
ഈ മാന്ത്രികത്തവി കൊണ്ട് പണിയുണ്ട്.
ഒരു തവി പായസം എടുത്തോട്ടെ മക്കളേ?
ഓ, എന്നിട്ട് വേഗം പോ!


വൈകാതെ–
ങേ!
ഹയ്യോ, പായസം മുഴുവൻ പോയേ...
ങേ!
എന്താ... എന്തു പറ്റി?
ഒരു തള്ള വന്ന് ഒരു തവി പായസം എടുത്തു. അല്പം കഴിഞ്ഞപ്പോൾ ഇതിനകത്തെ പായസം മുഴുവൻ കാണാതായി.
??
രാജൂ, ഇത് ഡാകിനിയമ്മൂമ്മയുടെ വിദ്യയാവും.
അതെ. നമുക്ക് മായാവിയെ വിളിക്കാം.
ഓംഹ്രീം കുട്ടിച്ചാത്താ... ഓംഹ്രീം...
ഹായ്, കൂട്ടുകാരേ!



മായാവി കാര്യമറിഞ്ഞപ്പോൾ–
അങ്ങനൊരു മാന്ത്രികത്തവിയെക്കുറിച്ച് ഞാനും കേട്ടിട്ടുണ്ട്.
ഹയ്യോ, ഇനിയെന്തു ചെയ്യും?
നമുക്കൊന്നു നോക്കാം.
അപ്പോൾ–
കുട്ടൂസാ, ആ കുട്ടകമിങ്ങെടുത്തോ! പാൽപ്പായസമെത്തിപ്പോയി!
ങേ... എവിടെ?
!!
ഹിഹി... ദാ, നോക്ക്!
ഉടനടി–
ഹെൻറമ്മേ... ഇതെന്തുവിദ്യ!


ഇതാണ് ഓസൻ തവി. ഒരു തവി കോരിയാൽ മുഴുവനും കൂടെ പോരും.
ഹിഹി... കലക്കി! ഓസൻ കലകലക്കി... ഇനി പായസം കുടിച്ചിട്ട് ബാക്കികാര്യം!
ഉഗ്രൻ പായസം!
ഹൊ. വയറ് പൊട്ടാറായി.
ഒന്നു മയങ്ങാം.
!!
നമുക്ക് അകത്തു കയറി തവി എടുത്താലോ?
വേണ്ട രാജൂ. ചിലപ്പോൾ അപകടമാവും.


ലുട്ടാപ്പി വരുന്നു.
ങേ!
നമുക്ക് ലുട്ടാപ്പിയെ പറ്റിക്കാം. ശ്ശ്...
കൊള്ളാം.
ഉടനെ–
അറിഞ്ഞോ? ഡാകിനിയമ്മൂമ്മ എന്റെ മാന്ത്രികത്തവി തട്ടിയെടുത്തു.
ഹയ്യോ, പുഴവെള്ളം പായസമാക്കുന്ന തവിയായിരുന്നു.
ങേ... ഹതു ശരി!
ഇനിയെന്തു ചെയ്യും?
ലുട്ടാപ്പി വേഗം കുട്ടൂസന്റെ അടുത്തെത്തി.
ഹും, പായസം മുഴുവൻ കുടിച്ചിട്ടു ദാ, കിടക്കുന്നു!
ഹമ്പട... മാന്ത്രികത്തവികൊണ്ട് പായസമുണ്ടാക്കിയിട്ട് ബാക്കി കാര്യം!



ഈ പുഴയിലെ വെള്ളം മതി.
അല്പം കഴിഞ്ഞ്–
വേഗമെണീക്ക്... ഇതാ, പായസം വരുന്നു!
!!
എന്തോന്നാടാ ഇത്?
പുഴവെള്ളം!
ചതിച്ചോ!
അടുത്തനിമിഷം–
ഹഹഹ... പുഴപ്പായസം
രക്ഷിക്കണേ...
ഹമ്മേ...
ഗ്ലും...
ഗ്ലും...


എത്ര മായാവി!
ഒരു ദിവസം ടൗണിനടുത്ത്–
ങേ! മായാവിയല്ലേ അത്?
ഡുഗു... ഡുഗു...ഡുഗു...
എന്നെ പറ്റിക്കാൻ വേഷം മാറി നടക്കുകയാ! അവനെ പിടിക്കണം.
ഈ വണ്ടിയിൽ പിന്തുടരാം.
ഡുഡുഡു...
എന്നെക്കൂടെ ടൗണിലേക്ക് കൊണ്ടുപോ. ഇല്ലേൽ തന്നെ ഞാൻ തവളയാക്കും.
ഹയ്യോ! കേറിക്കോ!


വേഗം... അവൻ ടൗണിലേക്കാ പോയത്.
ഫുൾ സ്പീഡാണേ!
ഡുഡുഡു...
വൈകാതെ–
അവനിവിടെ എവിടെങ്കിലും കാണും.
ഹാവൂ!
ങേ!
നില്ലെടാ അവിടെ!
ടർർ...



ഹെൻറമ്മേ... അവൻ രക്ഷപ്പെട്ടു!
ടർർ...
പെട്ടെന്ന്–
എടാ കേമാ..!
ഇവനെ ഞാൻ...
മുകളിൽ–
ഹൂ... അവനെവിടെ പോയി?


ങേ...
നാശം പിടിച്ചവൻ... ഇതെന്തു കഥ?
ഹെൻറമ്മോ...
ഹൊ... ഹാവൂ, വയ്യേ...
പെട്ടെന്ന്–
ങേ... ഇതെന്താ?


എല്ലൻ മായാവി!
ഹയ്യോ... ഇവിടെ...
...തടിയൻ മായാവി!
വഴിയുടെ മറുവശത്ത്–
രണ്ടു മായാവി!



പെട്ടെന്ന് വിക്രമനും മുത്തുവും അവിടെയെത്തി.
അമ്മൂമ്മ ഞങ്ങടെ പുതിയ സൂത്രം കണ്ടോ?
എന്തോന്നാടേ?
ഞങ്ങള് മായാവി മുഖംമൂടി ഉണ്ടാക്കി കുറേ പിള്ളേർക്ക് വെറുതെ കൊടുത്തു.
ഇനി ലുട്ടാപ്പി ഇതും വച്ചു ചെന്നാലും രാജൂം രാധേം സംശയിക്കില്ല. ഹിഹി....
എങ്ങനുണ്ട് സൂത്രം?
അപ്പം ഈ തട്ടിപ്പിനു പിന്നിൽ നീയൊക്കെയായിരുന്നല്ലേ?
ഹും!
നിന്നെയൊക്കെ ഞാൻ...
ഓടിക്കോടാ മുത്തൂ!
ഡാകിനിയമ്മൂമ്മയ്ക്ക് വട്ടെളകി!



മാന്ത്രികറേഡിയോ
ഒരു ദിവസം കുട്ടൂസനും ലുട്ടാപ്പിയും കാട്ടിലൂടെ പോകുമ്പോൾ–
ങേ!
ഹതാരാ?
?!!
പുട്ടാലുവ മ്മാവനാ!
ശ്ശ്.... എന്തോന്നാടാ ആ പൊത്തിൽ?
മൂപ്പര് പോയി. കേറി നോക്ക്.
വല്ല പഴക്കൊല യുമാവും


ങേ... റേഡിയോ!
?!!
പുട്ടാലു എന്തിനാടാ ഇതുകൊണ്ട് ഇവിടെ വന്നത്?
വല്ല പൊട്ട റേഡിയോയു മാവും!
ഓണാക്കാം!
ടൂൺ!
എന്റെ ചേലൊത്ത ചെമ്പരുന്തല്ലേ...
പെട്ടെന്ന്–
ടപ്... ടപ്...
ങേ... ചെമ്പരുന്ത്!
റേഡിയോ പാടിയപ്പം ചെമ്പരുന്ത് മുന്നിൽ!
ഇതിനി വല്ല മാന്ത്രികറേഡിയോ യുമാണോ?


ഓഫ് ചെയ്തിട്ട് ഒന്നൂടെ ഓണാക്കാം.
അല്പം കഴിഞ്ഞ്–
ടൂൺ..
അയല വറുത്തതുണ്ട് കരിമീൻ പൊരിച്ചതുണ്ട്....
അടുത്തനിമിഷം–
ദേ. അയലവറുത്തതും കരിമീൻ പൊരിച്ചതും!
ഹായ്. കോളടിച്ചു!
ഇപ്പം പിടികിട്ടി. ഇത് ഓണാക്കിയാൽ ആദ്യം പറയുന്നത് ഉടൻ മുന്നിലെത്തും.
ഈ ഉഗ്രൻ റേഡിയോയാണോ അമ്മാവൻ കളഞ്ഞത്.
ഛേ! അമ്മാവൻെറ കൂടെ നിന്നിരുന്നേൽ ഞാനും മണ്ടനായേനെ!



കാട്ടിൽ മറ്റൊരിടത്ത്-
ങേ... മായാവി!
കേറെടാ കുപ്പിയിൽ!
ഹയ്യോ!
ഹഹഹ... എന്റെയൊരു മഹാഭാഗ്യം നോക്കണേ!
ഡാകിനിയമ്മൂമ്മ കുട്ടൂസന്റെ വീട്ടിലെത്തി.
കുട്ടൂസാ... ദേ, മായാവിയെ കിട്ടി!
ങേ! ഇന്ന് കോളു തന്നെ!
ഡബിൾ കോള്


ഹിഹി... പാട്ടു കേട്ട് പേടി ച്ചോടുന്നോ?
ഓടിക്കോ...
ഹെൻറമ്മേ...


ഡാകിനിയമ്മൂമ്മ തിരിഞ്ഞതും-
ഹയ്യോ... രാക്ഷസി!
ഹാവൂ...
ച്ലും!


എന്തോന്നാടാ ഡബിൾ കോള്? നിങ്ങൾക്ക് വല്ലതും കിട്ടിയോ?
ഹിഹി... കിട്ടി. ഒരു മാന്ത്രിക റേഡിയോ!
പുട്ടാലുവമ്മാവൻെറയാ
എന്തോന്നാടാ ഇതിൻെറ സൂത്രം?
ഓൺ ചെയ്യ്. അപ്പം കാണാം.
ഹിഹി... സസ്പെൻസാണോ?
ഇപ്പം റേഡിയോയിൽ നല്ല പുതിയ സിനിമാ പാട്ടുണ്ട്!
രാക്ഷസി... രാക്ഷസി... രാക്ഷസീ...
ങേ!
ചതിച്ചു!


ബബിൽ ബ്ലാം


ഒരു ദിവസം കാട്ടിലേക്കുള്ള വഴിയിൽ–
മുത്തൂ, തോക്ക് റെഡിയല്ലേ?
എല്ലാം ഓക്കെ!
ഇത്തവണ കുറേ ആനകളെ തട്ടണം
അതെ. ആനക്കൊമ്പിന് ഉഗ്രൻ വിലയാ!


സൂക്ഷിക്കണം! ഫോറസ്റ്റ് ഗാർഡുകളുണ്ട്.
ദാ... ആ പാറയ്ക്കു പിന്നിലിരുന്നാൽ ഒരുത്തനും കാണില്ല.
കൊള്ളാം. കണ്ടാലും നമ്മളെ ഒന്നും ചെയ്യാനും പറ്റില്ല.
വേഗം വാ.



കുട്ടികൾ മായാവിയെ വിളിച്ചു.
കൂട്ടുകാരേ, എന്തുപറ്റി?
ഹായ്!
മായാവി കാര്യമറിഞ്ഞതും–
ഞാനൊന്നു നോക്കട്ടെ!
സൂക്ഷിക്കണേ!
വൈകാതെ–
ഒന്നിനേം കാണുന്നില്ലല്ലോടാ മുത്തൂ!
ഇന്നാ ഈ ബബിൾഗം ചവച്ചോ!
കൊള്ളാം. ബോറടി മാറ്റാൻ പറ്റിയതാ!
മായാവി ഇതു കണ്ടു.
ഹമ്പട... നിങ്ങളാണല്ലേ?



അപ്പോൾ ഗാർഡുകൾ അവിടെയെത്തി.
ഇവിടെയാണല്ലോ വെടിശബ്ദം കേട്ടത്?
ഹും... ഒരു സൂത്രമുണ്ട്!
ചിലപ്പം തോന്നിയതാവും!
ഓംഹ്രീം... ബബിൾഗം വളര്... വളര്...
അതോടെ–
ങേ!
ഇനിയാണ് തമാശ
ഹേ! എന്താ അത്?
വയ്ക്ക് വെടി!
?!!




ദാ, പിടിച്ചോ!
ഠേ!
വെടി കൊണ്ടതും–
ബ്ലാം!
ഹോ!
ചതിച്ചു. അനങ്ങാൻ വയ്യ!
ങേ!
ഹമ്പട... ഇതു നിങ്ങളാണോ?
ഹഹഹ... അങ്ങനെ ആനകൾ രക്ഷപ്പെട്ടു.
ഇവന്മാരുടെ ദേഹത്തെന്താ റബറോ?
ഹയ്യോ...



കയർകുരുക്ക്
ഒരു ദിവസം രാത്രി ടൗണിൽ–
ശ്ശ്... ആരും കണ്ടില്ല.
പക്ഷേ–
അതാ, വിക്രമൻ!
ഇവൻമാരെ ക്കൊണ്ടു തോറ്റു.
ഹയ്യോ! അവർ പിന്നാലെയുണ്ട്.
ചതിച്ചു. നമ്മള് കുടുങ്ങി!



വിക്രമാ, കേറിക്കോ!
ങേ... കുട്ടൂസൻ!
ഹയ്യ!
ഭേഷ് ലുട്ടാപ്പീ... ഉഗ്രൻ ഡ്രൈവിംഗ്!
ങേ!
കുട്ടൂസനിപ്പം വന്നില്ലേൽ ഞങ്ങടെ പണി തീർന്നേനെ!
നിങ്ങളീ പാതിരാത്രീലെവിടെ പ്പോയി? കുട്ടൂസനും കൊള്ള തുടങ്ങിയോ?
ഹിഹി... ഇല്ലെന്നേ, ഞങ്ങള് സെക്കൻഡ് ഷോ സിനിമയ്ക്കു പോയതാ!
വലഞ്ഞു കുട്ടൂസാ, ആ പോലീസിനെ ക്കൊണ്ട് പൊറുതിമുട്ടി.
ഈ നാട്ടിലിനി മാന്യമായി കൊള്ള ചെയ്യാൻ അവന്മാര് സമ്മതിക്കില്ല.




വിക്രമാ, അവന്മാരെ മുഴു വനങ്ങു കാച്ചിയേക്കണം. പിന്നെ എളുപ്പമല്ലേ?
ഹും, അവരെ കാച്ചാൻ ചെന്നാൽ അവര് നമ്മളെ കാച്ചും.
കാച്ചാനുള്ള വിദ്യ ഞാൻ തന്നാലോ? ഈ മാന്ത്രിക കയറ്.
ഈ കയറുകൊണ്ട് എന്തു സാധനത്തിൽ കെട്ടിയാലും അത് പറന്ന് കൂടെപ്പോരും. പട്ടം പോലെ!
പക്ഷേ, പോലീസിനെ...
ശ്ശെ, മുഴുവൻ പറയട്ടെ!
ഈ കയറുകൊണ്ട് പോലീസ് സ്റ്റേഷൻ പറപ്പിച്ച് വല്ല കടലിലും കളഞ്ഞാൽമതി. എല്ലാം തട്ടിപ്പോകും.
ഹൊ, കലക്കൻ ഐഡിയ!
താങ്ക്യൂ കുട്ടൂസാ. ഈ ഉപകാരം ജയിലിൽ പോയാലും ഞാൻ മറക്കില്ല.
പക്ഷേ, കയറേന്ന് പിടിവിട്ടാൽ കെട്ടിയ സാധനം താഴെ കിടക്കും.


വൈകാതെ–
ശ്ശ്... ഇന്നുരാത്രിതന്നെ ഇവന്മാരെ പറപ്പിച്ചേക്കാം.
ഈ ജനലിൽ കെട്ടാം
ങേ!
ഹിഹി... പണിപറ്റി!




എടാ, ദുഷ്ടാ!
വേഗം വിട്ടോ!
പക്ഷേ, മായാവി ഇതു കാണുന്നുണ്ടായിരുന്നു.
കയർവിദ്യ... കുട്ടൂസന്റെ തട്ടിപ്പാണ്!
എന്തെങ്കിലും ചെയ്തില്ലെങ്കിൽ കുഴയും!
അപ്പോൾ–
വിക്രമാ, ഹാൻഡ്സ് അപ്!
വയ്ക്ക് വെടി.
ഹയ്യോ!
വെടിവയ്ക്കല്ലേ...


ഉടനെ–
ഹെൻറയ്യോ...
STOP
ഠും!
ചതിച്ചു വിക്രമാ,
കയറു പോയി.
അടുത്തനിമിഷം–
ഹഹ...
തൊണ്ടി സഹിതം
അറസ്റ്റിൽ!
ഹും, തക്കം കിട്ടിയാൽ
ഇവന്മാർ പോലീസ് സ്റ്റേഷനും
അടിച്ചുമാറ്റും!
POLICE STATION
ധിം!
ചത്തേ...
ഹൂശ്!


ചക്കമഴ!
ഒരുദിവസം കാട്ടിൽ–
കുപ്പീം കൊണ്ടു രാവിലെ മുതൽ നടക്കുന്നു. ആ മായാവിച്ചാത്തൻ നാടു വിട്ടോ?
ഇനി വല്ലതും കഴിച്ചിട്ട് തപ്പിയാലോ?
ആദ്യം നീയാ ചടാക്ക് കുന്തം നന്നാക്ക്. എപ്പഴും റിപ്പയറാ!
ഹൂ...
പെട്ടെന്ന്
എനിക്ക് ഒരു ലക്ഷം സ്വർണനാണയം കിട്ടണേ!
!!
ഛേ! ഇതുമല്ല!
ങേ!



എനിക്ക് ലക്ഷം സ്വർണനാണയം കിട്ടണേ!
ദേ, പിന്നേം!
എന്തോന്നാ കിളവൻ ഓരോ മരത്തിൻേറം താഴെനിന്ന് ഈ പറയുന്നത്? വട്ടാണോ?
ഇനി എന്നേപ്പോലെ വല്ല കേമൻ മന്ത്രവാദീ മാണോ?
പക്ഷേ, എന്നേ ഷോലെ കേമൻ ചാത്തന്മാരെ യൊന്നും കൂടെ കാണുന്നില്ലല്ലോ!
വാ, ചോദിക്കാം.
അപ്പൂപ്പാ, എന്തു കോപ്രായമാ ഇത്? കുറേനേരമായല്ലോ!
ങേ... നിങ്ങളാരാ?


ഞാൻ കുട്ടൂസൻ. ഇവിടുത്തെ നമ്പർ വൺ മന്ത്രവാദിയാ!
ഞാൻ ലുട്ടാപ്പി. നമ്പർ വൺ ചാത്തനാ!
ഹിഹി... നമ്പർവൺ പാർട്ടീസായിട്ടും കാര്യം പിടികിട്ടിയില്ലേ?
എടോ, ഞാൻ മറ്റൊരിടത്തെ നമ്പർ വൺ മന്ത്രവാദിയാ. പേര് ലപ്പയ്യൻ!
ഈ കാട്ടിൽ ഒരു മാന്ത്രികമരമുണ്ട്. അതിന്റെ ചുവട്ടിൽച്ചെന്ന് എന്താഗ്രഹം പറഞ്ഞാലും സാധിക്കും.
ങേ!
അതേടോ! പക്ഷേ. മരം ഏതാണെന്ന് ഒരു പിടിയുമില്ല.
പിടികിട്ടി. അതിനാണല്ലേ എല്ലാമരത്തിന്റേം ചുവട്ടിൽ പോയി വിളിച്ചുകൂവുന്നത്?
ഹിഹി...


പക്ഷേ, ഒരാളുടെ ഒരാഗ്രഹം മാത്രമേ സാധിക്കൂ... പോട്ടേ!
ശരി.
എടാ നമുക്കും ഒന്നു നോക്കിയാലോ? കിട്ടിയാൽ രക്ഷപ്പെട്ടു.
അങ്ങനെ–
മായാവി ഈ കുപ്പി യിൽ കേറണേ!
വൈകാതെ–
ഹൊ, മടുത്തു.
എന്തൊരു വിശപ്പ്.
ഛേ... കുറേ മാമ്പഴം കിട്ടിയിരുന്നെങ്കിൽ!
പെട്ടെന്ന്–
ഹെൻറയ്യോ!
ഹമ്മോ...
ഠിം!
ഠിം!


എന്റെ തല!
ഹിഹി... ഒത്തെടാ ഒത്തു. ഇത് മറ്റവൻ തന്നെ!
ഛെ! എന്റെ ആഗ്രഹം പോക്കായി.
സാരമില്ലെടാ! ഇനി ഞാൻ പറയാമെന്നേ!
മായാവി ഈ കുപ്പിയിൽ വരണേ!
ഉടനെ–
ഹയ്യോ!
ഭേഷ്!
പണിപറ്റി!
ദേ, ഡാകിനിയമ്മൂമ്മ വരുന്നു.



ങേ! ഇതെന്തോന്നാ തലേല്... ഉണ്ണിയപ്പമോ?
ഹിഹി... കുറച്ച് മാമ്പഴം വീണതാ!
ങേ... മാമ്പഴമോ? അതിനു പകരം വല്ല ചക്കേം വീണിരുന്നേല് നല്ല ചേലായേനെ!
അടുത്തനിമിഷം–
ധിം!
ഹെൻറമ്മോ...
റും!
അയ്യോ!
പ്ധിം!
ചതിച്ചെടാ!
കഷ്ടകാലത്ത് കല്ലുമഴയല്ലെടാ ഇപ്പം ചക്കമഴയാ!
ഹഹഹ
എൻെറ നടുവേ!
നാശം!

# പഴം പിടിച്ചോ!



ഒരു ദിവസം രാജുവും രാധയും കാട്ടിലൂടെ നടക്കുമ്പോൾ–
ഘ്ലും... ഘ്ലും...
രാജൂ, എന്താണാ ശബ്ദം?
??
പെട്ടെന്ന്–
ഘ്ലും... ഘ്ലും...
ങേ!
ഘ്ലും... ഘ്ലും...
ഹയ്യോ...
രക്ഷിക്കണേ...
ഘ്ലും... ഘ്ലും...



വൈകാതെ–
ഹയ്യോ...
ഡാകിനിയമ്മൂമ്മ!
അതേടാ, ഞങ്ങള് തന്നെ!
എങ്ങനുണ്ട് പുതിയ പിടിയൻ യന്ത്രം?
ഓംഹ്രീം കുട്ടിച്ചാത്താ... ഓംഹ്രീം...
വിളിച്ചോ... വിളിച്ചോ... എന്നിട്ടുവേണം അവനേം പിടിക്കാൻ!
ങേ!
കുട്ടികൾ അപകട ത്തിലാണല്ലോ!
കുട്ടൂസാ, മായാവി എത്തിപ്പോയി. പണി തുടങ്ങിക്കോ!
ഹിഹി... ഏറ്റു!


കുട്ടൂസൻ യന്ത്രം കയ്യിലെടുത്തിട്ട്-
മായാവി!
ഭേഷ്... ദേ,
പോകുന്നു!
ഏല്ലും... ഏല്ലും...
ഏല്ലും... ഏല്ലും...
ഇതെന്തു
ഭൂതം?
വയ്യ... എവിടെ
പോയാലും അവൻ
പിന്നാലെയുണ്ട്.
ഒടുവിൽ-
ഹയ്യോ...


ഹിഹി... കിട്ടിപ്പോയ്! പിടിയൻ പിടിച്ചേ....
കേറെടാ കുപ്പിയിൽ!
അപ്പോഴാണ് ലുട്ടാപ്പി എത്തിയത്.
ങേ! എല്ലാത്തിനേം പിടിച്ചോ? ഇതെങ്ങനെയാ അമ്മൂമ്മേ?
എല്ലാം ഈ പിടിയൻ യന്ത്രത്തിൻെറ മിടുക്കാടാ!
ഇവൻെറ ചെവിയിൽ എന്തു പേരു പറഞ്ഞാലും അവൻ പോയി കൊണ്ടുവരും.
ഹെട മിടുക്കാ!
അമ്മൂമ്മേ, കുറച്ച് പഴം വേണമെന്ന് പറഞ്ഞാലോ?
കൊണ്ടു വരുമെടാ കൊതിയാ!


എങ്കിൽ പഴമിങ്ങു പോരട്ടെ!
പഴം
ഹയ്യടാ!
ഒരു പഴംപായസോം വയ്ക്കണം
ഏലും... ഏലും...
വൈകാതെ-
ഏലും... ഏലും...
ഏലും... ഏലും...
!!
ഏലും... ഏലും...
ഫ്ലൂർ...


അല്പസമയത്തിനുള്ളിൽ–
ഘ്ലും... ഘ്ലും...
ഹിഹി... ദേ എത്തിപ്പോയി ഘ്ലും ഘ്ലും!
ഹയ്യ!
അടുത്തനിമിഷം–
ങേ!
ഘ്ല്രൂം...
അയ്യോ!
ഹെൻറമ്മോ....
ഹാവൂ... രക്ഷപ്പെട്ടു!
ഹഹഹ
ഘ്ല്രാ....
രക്ഷിക്കണേ...



മൂളല്ലേ!
ഒരുദിവസം കാടിനടുത്ത്–
ലുട്ടാപ്പീ, സ്റ്റോപ്പ്!
TELEPHONE BOOTH
S.T.D.-I.S.D
LOCAL
ഒന്നു വിളിക്കാം. വല്യ തെരക്കുള്ള ആളാ!
ഹലോ, മൂളൻ മന്ത്രവാദിയല്ലേ? ങേ! ഇങ്ങോട്ടു പുറപ്പെട്ടെന്നോ? ഓക്കേ...
ഡാകിനീ, ഇനി പേടിക്കാനില്ല. മൂളൻ മന്ത്രവാദി ഇപ്പം വീട്ടിലെത്തും.
കുട്ടൂസാ, എത്ര മൂളനും മുരളനുമൊക്കെ വന്നതാ!
ഇപ്പം മന്ത്രവാദീന്നു കേക്കുമ്പഴേ അലർജിയാ.


പക്ഷേ, മൂളൻ ഭയങ്കരനാ. ഇയാള് പിള്ളേരുടെ അടുത്തു ചെന്ന് കഥ പറയും.
ങേ! അപ്പം കഥ പറഞ്ഞ് രസിപ്പിക്കാനാണോ മൂളൻ വരുന്നത്.
ഹിഹി... അവിടല്ലേ കുഴപ്പം. ഇയാളു പറയുന്നതിനിടയിൽ ആരെങ്കിലും മൂളിയാൽ അവര് ഭീകരജീവിയാകും.
ഹയ്യ... അതു കലക്കി! രാജുഭീകരനും രാധഭീകരിയും! ഹൊഹൊഹൊ.....
രണ്ടുംകൂടി തമ്മിൽത്തല്ലി ചത്തോളും. ഹിഹി....
നോക്ക്... മൂളൻ എത്തിക്കഴിഞ്ഞു.
ഹെൻറമ്മേ! ഇനി മൂളാൻ തോന്നിയാലും മൂളിയേക്കരുത്. കേട്ടോടാ വാലുമാക്രീ!


ഹലോ! മൂളൻ കൃത്യസമയത്തുതന്നെ എത്തിയോ!
ഹിഹി... കുട്ടൂസനൊരാപത്തു വന്നാൽ സഹായിക്കാതിരിക്കാൻ പറ്റുമോ?
മൂളാ. രണ്ടു പിള്ളേരുണ്ട്... രാജൂം രാധേം. മായാവിച്ചാത്തനെ പിടിക്കാനുള്ള പ്ലാൻ പൊളിക്കുന്നത് അവരാ.
ഡോണ്ട് വറി. കുട്ടൂസാ. അവരെ ഞാൻ ശരിയാക്കാം.
രണ്ടിനേം ഭീകരജീവികളാക്കിയേക്കാം. എന്താ?
അതുമതി. മൂളൻ വന്നപ്പം പകുതി തലവേദന മാറി.
കുട്ടൂസാ, പക്ഷേ ഒരു കുഴപ്പം. അവര് ഭീകരജീവിയാകുമ്പം എന്നെ രക്ഷിക്കണം. ഇല്ലേൽ അവർ എന്നെ ശരിയാക്കും.


അതൊന്നും മൂളൻ പേടിക്കേണ്ട. ഈ ലുട്ടാപ്പീടെ കുന്തത്തേൽ കേറിയാൽ മതി. അവൻ ഉഗ്രൻ ഡ്രൈവറാ.
ഹിഹി... എങ്കിൽ നോ പ്രോബ്ലം! പിള്ളേര് ഇന്നത്തോടെ ക്ലോസ്!
ഹിഹിഹി...
ങേ! കുട്ടൂസന്റെ വീട്ടിൽ ആരോ വന്നിട്ടുണ്ടല്ലോ!
എന്തോ കുഴപ്പമുണ്ട്. നോക്കാം.
ങേ! മൂളൻ മന്ത്രവാദി!


ഹും. ഇവരെ ഒരു പാഠം പഠിപ്പിക്കണം.
കുട്ടൂസാ, പണ്ട് ഞാൻ നാട്ടിലൊരു ചെറുക്കനെ ഒതുക്കിയ കഥ കേട്ടിട്ടുണ്ടോ?
ഇല്ല.
ഹിഹി... അത് ഭയങ്കര തമാശയാ. ചിരിച്ച് മണ്ണുകപ്പും.
കേക്കട്ടെ... കേക്കട്ടെ...
കേക്കുന്നതു കൊള്ളാം. മൂളിയേക്കരുത് കേട്ടോടാ ലുട്ടാപ്പീ!
ഒരുദിവസം ഞാൻ കാട്ടിലൂടെ വരികയാ...
...അപ്പോഴാണ്...
ഹായ്, ഇതുതന്നെ തക്കം. ഒരു തമാശയുണ്ട്.


ഭൂംം...
ഊം... ഊം...
ങേ! അതാരാ മൂളിയത്?
അയ്യോ... കറുമ്പൻ മൂങ്ങ!
ഓടിക്കോ...
അടുത്തനിമിഷം–
ഹ്രാാ... ഹ്രാാ...
ഒന്നും ചെയ്യല്ലേ...
ഹഹഹ
രക്ഷിക്കണേ...


ക്രിക്കറ്റ് ബോംബ്
ഒരു ദിവസം–
മുത്തൂ, ഇവിടെ ഒരുത്തനും നമ്മളെ തിരിച്ചറിയില്ല.
അതെ
AFRICA
ഹലോ, വിക്രമൻ!
ങേ! ഇത്...
പേടിക്കേണ്ട. നമ്മുടെ പാർട്ടിയാ. ഇവിടുത്തെ കൊള്ളക്കാരൻ നിക്കി തമ്പോക്കി
ഹലോ, തമ്പോക്കീ എല്ലാം റെഡിയല്ലേ?
യേസ്... വരൂ!
ഇവിടെയാണ് ക്രിക്കറ്റ് കളി നടക്കുന്നത്.
വിക്രമാ, എന്താ പ്ലാൻ?


മുത്തൂ, ഈ ക്രിക്കറ്റ്ബോളിനകത്ത് ടൈംബോംബുണ്ട്. ഇതുകൊണ്ടാ കളിക്കുന്നത്.
ങേ!
എല്ലാം ഈ തമ്പോക്കി ശരിയാക്കും. ബോംബുപൊട്ടിയാൽ പിന്നെ കൊള്ള നടത്താൻ എളുപ്പമല്ലേ?
ഹോ, സമ്മതിച്ചു വിക്രമാ... സമ്മതിച്ചു!
അല്പം കഴിഞ്ഞ് നാട്ടിൽ–
രാജൂ, ഇന്നല്ലേ ഇന്ത്യയുടെ കളി?
ഹഹ... അതെ! ടിവി വയ്ക്കാം.
കളി തുടങ്ങിയിട്ടില്ല.
ഹയ്യോ, വിക്രമൻ!


വിക്രമൻ ഗ്രൗണ്ടിലുണ്ട്. എന്തോ കുഴപ്പമുണ്ടാക്കാനുള്ള ശ്രമത്തിലാ!
എത്രയും പെട്ടെന്ന് മായാവിയെ വിളിക്കണം.
കുട്ടികൾ മായാവിയെ വിളിച്ചു.
ഓംഫ്രീം
കൂട്ടുകാരേ!
കുട്ടികൾ കാര്യം പറഞ്ഞു.
ശരി. ഞാനൊന്നു ചെല്ലട്ടെ!
മായാവി പെട്ടെന്ന് അവിടെയെത്തുമോ?
അതൊക്കെ പറ്റുമെന്നേ!
അല്പം കഴിഞ്ഞ്–
വിക്രമാ, എപ്പഴാ പൊട്ടുന്നത്?
കൃത്യസമയം അറിയില്ല.


ബോംബ് പന്തിനകത്തായതുകൊണ്ട് ഒരുത്തനും കണ്ടുപിടിക്കില്ല.
ഹിഹി... അതെ.
ങേ!



ഹോ, ദുഷ്ടന്മാർ! ഇവരുടെ പദ്ധതി തകർക്കണം.


അപ്പോൾ–
സിക്സർ!
ങേ! ആ പന്ത് ഇങ്ങോട്ടാണല്ലോ... സൂത്രമുണ്ട്!
ടക്ക്!


മായാവി അദൃശ്യനായി പന്ത് കയ്യിലൊതുക്കി.
ഇനി വിക്രമന്റെ നേർക്കു പോകാം.
വിക്രമാ, ദേ പന്ത് ഇങ്ങോട്ടാ!
ങേ!
മുഖത്തുവീഴാതെ പിടിച്ചോ!
ഹയ്യോ!
ഹഹ... ഇനിയാണ് ഒട്ടിപ്പോ വിദ്യ!
വിക്രമാ, അതങ്ങ് കളഞ്ഞേര്. ഇല്ലേൽ കുഴപ്പമാ!
ങേ! ചതിച്ചു. ഇത് പോകുന്നില്ല ല്ലോ!


ഹമ്മേ... ബോംബ് പൊട്ടിയാൽ...
ഹയ്യോ!
ഓടിവരണേ... ബോംബ്!
രക്ഷിക്കണേ... ഇതിനകത്ത് ബോംബുണ്ടേ...
പൊലീസ് പാഞ്ഞെത്തി.
ഹാൻഡ്സ് അപ്!
ഹയ്യോ...
ഹും!
ക്രിക്കറ്റ് ബോളിൽ ബോംബ് വച്ച വിക്രമനെ പൊലീസ് പിടികൂടി.
ഹഹ... മായാവി കലക്കി!
സൂത്രം ആരും അറിഞ്ഞില്ല.

# മായാവിയും ഉറുമ്പുഭൂതവും







ഇപ്പോൾ അവിടെ ഭൂതങ്ങളൊന്നുമില്ല.
ചാത്തന്മാരുണ്ടോ?
ഒന്നുമില്ല. പക്ഷേ, പുതിയ ഭൂതങ്ങളെ സൃഷ്ടിക്കാനുള്ള ഒരു വിദ്യ അവിടെയുണ്ട്.
ങേ.. അതെന്താണെന്നു പറ, എന്റെ പേക്രൻ മന്ത്രവാദീ.
ദാ, ഈ ബിസ്കറ്റ്!
ഭൂതക്കോട്ടയിൽവച്ച് ഈ ബിസ്കറ്റു തിന്നുന്നവർ ഭൂതങ്ങളായി മാറും!
ഹയ്യോ!


ബിസ്കറ്റു തിന്നുന്നവർ മാത്രമല്ല, തിന്നുന്നവരുടെ മക്കളും ഭൂതങ്ങളാകും!
ഹയ്യയ്യോ!
ഭൂതക്കോട്ടയിലേക്കുള്ള വഴി ഇതിൽ എഴുതീട്ടുണ്ട്. കൂടെ വരാൻ എനിക്കു സമയമില്ല.
ഇടയ്ക്കൊക്കെ വന്ന് എന്തെങ്കിലും തട്ടിപ്പു പറഞ്ഞു തരണേ, പേക്രാ.!
വരാമെന്നേ. ഹി..ഹി..
കുട്ടൂസാ, നമ്മള് ഭൂതക്കോട്ടയിൽ ചെന്നിട്ട് എന്തുചെയ്യാനാ?
അതു മനസ്സിലായില്ലേ? മണ്ടിയമ്മൂമ്മേ!
നിന്നോടു ചോദിച്ചില്ല! മിണ്ടാതിരിയെടാ!
ഹൗ..!


നമ്മള് ഒറ്റയ്ക്കല്ല! ആ പിള്ളേരെ കൊണ്ടുപോകും! എന്നിട്ട് കോട്ടയിൽവച്ച് ബിസ്കറ്റു തീറ്റിക്കും.
അതോടെ രണ്ടും.. ഹി..ഹി..
ഹി..ഹി.. അത്രേം ഞാൻ ആലോചിച്ചില്ല.
മണ്ടിത്തള്ള ആലോചിച്ചിട്ടും വല്യ കാര്യമൊന്നുമില്ല.
വൈകാതെ-
ഭൂതക്കോട്ടയിൽ എത്തുന്നതിനുമുമ്പ് രണ്ടു ബിസ്കറ്റ് എനിക്കും തരണം.
തരാമെടാ. അതിനുമുമ്പ് ആ പിള്ളേരെ പിടിക്കണ്ടേ!
പറഞ്ഞുതീർന്നില്ല. ദാ വരുന്നു, പിള്ളേര്!
ഹയ്യട!
ഭിംഭോം.. മിണ്ടാതാവട്ടെ!


ഹി..ഹി.. ഇനി രണ്ടും മായാവിയെ വിളിക്കില്ല!
വിട്ടോടാ ലുട്ടാപ്പീ, ഭൂതക്കോട്ടയിലേക്ക്!
എന്നാൽ മായാവി ഇതെല്ലാം കാണുന്നുണ്ടായിരുന്നു.
ഭൂതക്കോട്ടയിലേക്കാണല്ലേ! പിന്നാലെ പോയി നോക്കാം.
താമസിയാതെ–
നമ്മളെത്തി!
ഹോ.. ഭയങ്കരം!


ഭൂതക്കോട്ടയ്ക്കകത്ത്-
ബിസ്കറ്റ് തിന്നെടാ..! എടാ, തിന്നാൻ!
ഇവറ്റകള് തിന്നുന്നില്ല കുട്ടൂസാ.
ഇതിവിടെ വച്ചിട്ടുപോകാം ഡാകിനീ, വിശക്കുമ്പോ എടുത്തു തിന്നോളും.
നമുക്കു പുറത്തിറങ്ങി നിൽക്കാം.
ശരിക്കും കുടുങ്ങി! മായാവിയെ വിളിക്കാനും പറ്റുന്നില്ല.
കൂട്ടുകാരേ, ഞാനെത്തി!
മിണ്ടാൻ പറ്റുന്നില്ല അല്ലേ? പേടിക്കേണ്ട.
ഓംഹ്രീം..


മായാവീ.. ഞങ്ങൾ പേടിച്ചു പോയി.
വരൂ, നമുക്ക് ഒളിക്കാം! ഉടനെ ഒരു തമാശ കാണാം!
തമാശയോ?
അതെ, ആ ബിസ്കറ്റ് ഞാനൊരാൾക്ക് തിന്നാൻ കൊടുത്തിട്ടുണ്ട്.
നിമിഷങ്ങൾക്കകം–
ഫ്ലാാാാ..
ങേ.. പിള്ളേര് ബിസ്കറ്റ് തിന്നു! ഓടി വാ.. നോക്കാം!
എന്നാൽ–
ങേ! ഈ ഉറുമ്പാ ബിസ്കറ്റു തിന്നത്!
ങ.. ഉ... ഉറുമ്പുഭൂതം!


ഓടിക്കോ..!
ആ കല്ലുകളുടെ പിന്നിൽ ഒളിക്കാം!
ഡാകിനീ, എ.. എന്താ ഈ കല്ലിനൊരു എളക്കം.?
അ...യ്യോ..! ഇത്.. കല്ലല്ല.. മുട്ടയാ.!
ബിസ്കറ്റ് തിന്നവൻെറ മക്കളാ, ഡാകിനീ.! മുട്ട വിരിഞ്ഞ് പുറത്തു വരുന്നതേയുള്ളൂ!
ഹ..ഹ..
ഓടിക്കോ..!